# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.442

## 29-05-2019 ൽ മറുപടിക്ക്

## മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്യൽ

| ചോദ്യം<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിങ്കപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും കിഫ്ബിയുടെ മസാല ബോണ്ടുകൾ ഏതൊക്കെ തീയതികളിലാണ് ലിസ്റ്റ് ചെയ്തത്; | 2018 സെപ്റ്റംബർ 19-ാം തീയതിയാണ് പ്രസ്തുത മസാല ബോണ്ട് ഇഷ്യൂ ഉൾപ്പെടുന്ന കിഫ്ബിയുടെ മീഡിയം ടേം നോട്ട് ലണ്ടൻ സ്റ്റോക്ക് എക് സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട നോട്ട് ഓഫറിങ് സർക്കുലർ ലണ്ടൻ സ്റ്റോക്ക് എക് സ്ചേഞ്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.<br>https://www.londonstockexchange.com/companies-and-advisors/international/documents/kerala-infrastructure-investment-fund-board-mtn.pdf<br>റോഡ് ഷോകൾ പൂർത്തിയാക്കിയതോടെ കിഫ്ബിയുടെ മസാല ബോണ്ട് 2019 മാർച്ച് 25 ന് വിപണനത്തിനായി തുറന്നു. മാർച്ച് 29 ഓടെ സമാഹരിച്ച 2150 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമാകുകയും ചെയ്തു. |
| (ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിങ്കപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും ഡ്യുവൽ ലിസ്റ്റ് ചെയ്യാൻ സ്റ്റോക്ക് എക്സ്ചേഞ്ചുകൾ ഫീസ് ഈടാക്കിയിട്ടുണ്ടോ; | ഉണ്ട് |

| | |
|---|---|
| (സി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിങ്കപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും കിഫ്ബിയുടെ മസാല ബോണ്ടുകൾ ഓപ്പൺ ചെയ്തതും സെറ്റിൽ ചെയ്തതും ഏതൊക്കെ തീയതികളിലാണ് എന്ന് വ്യക്തമാക്കാമോ; | കിഫ്ബിയുടെ മസാല ബോണ്ടുകൾ ഓപ്പൺ ചെയ്തതത് 25.03.2019 നും സെറ്റിൽ ചെയ്തത് 29.03.2019 നും ആണ്. |
| (ഡി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലെ ഏത് ചടങ്ങിനാണ് മുഖ്യമന്ത്രി പങ്കെടുത്തിരുന്നത്; ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ബോണ്ടുകൾ ലിസ്റ്റ് ചെയ്യുന്ന റിങ് ദി ബെൽ ചടങ്ങുകളിലേക്ക് അതത് കമ്പനികളുടെ മേധാവികളെ വിളിക്കുന്നതിന്റെ ഭാഗമായാണോ മുഖ്യമന്ത്രിയെ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് ക്ഷണിച്ചത്; വ്യക്തമാക്കുമോ ? | ഇന്ത്യയിൽ നിന്നും ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ ഏജൻസി അന്താരാഷ്ട്ര വിപണിയിൽ നിന്നും ഇത്തരത്തിൽ വലിയൊരു ധനസമാഹരണം നടത്തുന്നത്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ചരിത്രത്തിലും ഒരു സുപ്രധാന സംഭവമായി കണക്കിലെടുത്താണ് കേരള സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയേയും, ധനകാര്യ മന്ത്രിയേയും, ചീഫ് സെക്രട്ടറിയേയും, കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും 2019 മെയ് 17 നു നടന്ന മാർക്കറ്റ് ഓപ്പണിങ് ചടങ്ങിൽ പങ്കെടുക്കുവാൻ പ്രത്യേകമായി ക്ഷണിച്ചത്. |

**അക്കൗണ്ട്സ് ഓഫീസർ**